ഡി.ഫാം. കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങൾ

158 (3087)ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര സ്ഥാപനങ്ങളിൽ ഡി.ഫാം. കോഴ്സ് നടത്തുന്നുണ്ട്; സർക്കാർ, സ്വകാര്യമേഖല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ കോഴ്സുകളുടെ നടത്തിപ്പും പരീക്ഷകളുടെ ചുമതലയും ആർക്കാണ് നൽകിയിട്ടുള്ളത്;

(സി) ഡി.ഫാം. പരീക്ഷാ ബോർഡിൽ നിലവിൽ ആരൊക്കെയുണ്ട്; അവരുടെ വിദ്യാഭ്യാസ യോഗ്യത എന്തൊക്കെയാണ്;

(ഡി) മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ബോർഡിൽ ഉണ്ടോ; എങ്കിൽ അദ്ദേഹത്തിന് എന്തൊക്കെ അധികാരങ്ങളും കർത്തവ്യങ്ങളുമാണ് ഉള്ളത്;

(ഇ) നിലവിലുള്ള പരീക്ഷാബോർഡ് എത്ര തവണ കൂടിയിട്ടുണ്ട്; പ്രസ്തുത മീറ്റിംഗുകളുടെ തീരുമാനം ഡി.എം.ഇ., ആരോഗ്യ വകുപ്പ് സെക്രട്ടറി ഇവരെ അറിയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(എഫ്) ബോർഡിലെ അംഗങ്ങൾ ആവശ്യപ്പെട്ടിട്ടും മീറ്റിംഗുകളുടെ മിനിറ്റ്സ് അംഗങ്ങൾക്ക് നൽകുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) മീറ്റിംഗുകളുടെ മിനിറ്റ്സ് മേശപ്പുറത്ത് വയ്ക്കുമോ?

ഉത്തരം

(എ) കേരളത്തിൽ 21 സ്ഥാപനങ്ങളിൽ ഡി.ഫാം കോഴ്സ് നടത്തുന്നുണ്ട്. സർക്കാർ മേഖലയിൽ 5 എണ്ണവും സ്വകാര്യമേഖലയിൽ 16 എണ്ണവും.

(ബി) ഡി.ഫാം കോഴ്സുകളുടെ നടത്തിപ്പിന്റെ ചുമതല ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പൽമാർക്കാണ്. പരീക്ഷകളുടെ നടത്തിപ്പിന്റെ ചുമതല ഡി.ഫാം. പരീക്ഷാബോർഡിനാണ്.

(സി) വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) ഇല്ല.

(ഇ) നിലവിലുള്ള പരീക്ഷാ ബോർഡ് 7 തവണ കൂടിയിട്ടുണ്ട്. തീരുമാനം ഡി.എം.ഇ. ആരോഗ്യ വകുപ്പ് സെക്രട്ടറി എന്നിവരെ അറിയിച്ചിട്ടില്ല.

(എഫ്&ജി) പരാതി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് മിനിറ്റ്സുകളുടെ കോപ്പി ബോർഡിലുള്ള എല്ലാ അംഗങ്ങൾക്കും കൊടുക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

† അനുബന്ധം XV

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - XIV

(19.7.99-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 131(3060)-ന്റെ 'ഡി' ഉത്തരം ദയവായി കാണുക)

വിനോദസഞ്ചാര വികസന മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കണ്ണൂർ എന്നിവിടങ്ങളിൽ യാത്രി നിവാസുകൾ പ്രവർത്തിച്ചു വരുന്നു. ആലപ്പുഴ, പാലരുവി, പാലക്കാട്, കൊട്ടാരക്കര, വൈക്കം, കോട്ടയ്ക്കൽ, വാളറ, കണ്ണൂർ, വടകര തുടങ്ങിയ സ്ഥലങ്ങളിൽ വഴിയോര വിശ്രമ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. ഗുരുവായൂർ, കോഴിക്കോട്, മലയാറ്റൂർ, പീരുമേട് എന്നിവിടങ്ങളിൽ യാത്രി നിവാസുകളുടെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. കുമിളി, കൊണ്ടോട്ടി, നെല്ലിയാംപതി, എന്നിവിടങ്ങളിൽ യാത്രി നിവാസിന്റെ നിർമ്മാണം ഉടനെ ആരംഭിക്കും. വയനാട് ജില്ലയിലെ തിരുനെല്ലിയിൽ പുതിയ യാത്രി നിവാസു നിർമ്മാണത്തിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. പരവൂർ, ചങ്ങനാശ്ശേരി എന്നീ സ്ഥലങ്ങളിൽ ടൂറിസ്റ്റ് റിസോർട്ടുകളുടെയും കായംകുളം, ആറന്മുള, ആലുംകടവ്, ആതിരപ്പള്ളി എന്നിവിടങ്ങളിൽ വഴിയോര-ജലയോര വിശ്രമ കേന്ദ്രങ്ങളുടെയും പണി പുരോഗമിക്കുന്നു. കുമരകം, അങ്കമാലി എന്നിവിടങ്ങളിൽ വിശ്രമ കേന്ദ്രങ്ങളുടെ നിർമ്മാണം ഉടനെ ആരംഭിക്കുന്നതാണ്. ടൂറിസ്റ്റുകളുടെ വരവ് കൂടുന്നത് കണക്കിലെടുത്ത് മൂന്നാർ ഹോട്ടൽ പദ്ധതി, കുമരകം ടൂറിസ്റ്റ് കോംപ്ലക്സ്, ബോൾഗാട്ടി ഹോട്ടൽ വികസനം, മസ്ക്കറ്റ് ഹോട്ടലിന്റെ നവീകരണം എന്നീ പദ്ധതികളും ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. സ്വകാര്യ മേഖലയിലും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് പല പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്.

വാഗമണിൽ വിശാലമായ ഒരു ഗോൾഫ് കോഴ്സ് ഉൾപ്പെടെയുള്ള ഒരു ടൂറിസ്റ്റ് റിസോർട്ട് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു. കേരളത്തിലുടനീളം ടൂറിസ്റ്റ് കേന്ദ്രങ്ങളെ പറ്റി വിവരം നൽകുന്നതിനുവേണ്ടി സമഗ്ര സൈനേജ് സിസ്റ്റവും നടപ്പിലാക്കി വരികയാണ്.

അനുബന്ധം - XV

(19.7.99-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 158(3087)-ന്റെ 'സി' ഉത്തരം ദയവായി കാണുക)

	Name	Qualification	Designation
1.	Sri. A.K.Chandrasekharan Chairman	M.Pharm	Prof.&Head of Pharmacy
2.	Joint Director of Medical Education		
3.	Sri. M.N.V.G. Adiyoodi. President, Kerala State Pharmacy Council	D.Pharm	Pharmacist
4.	Sri. A. Padmanabhan	M.Pharm	Prof. of Pharmacy (Rtd.) Now Principal, A.J. College of Pharmacy
5.	Smt. L. Bhanumathy Medical College, Alappuzha	M.Pharm	Assoc. Prof. of Pharmacy
6.	Smt. Y. Anitha	M. Pharm	Asst. Prof. of Pharmacy

LIBRARY ARCHIVES Kerala Legislative Assembly

	College of Pharm. Sciences, Medical College, Trivandrum		
7.	Sri. P. Jayasekhar Medical College, Kozhikode	M.Pharm	Assoc. Prof. of Pharmacy
8	Sri. K.G. Ravikumar Medical College Hospital, Trivandrum	M.Pharm	Chief, Hospital & Clinical Pharmacy
9.	Sri. Jain K. Philip Fathima College of Pharmacy, Kollam	M.Pharm	Principal, (Left the position)
10	Sri. K.G. Swarnakumar John Enoch College of Pharmacy, Trivandrum	M.Pharm	Principal
11.	Dr. P.V. Majeed Aysha Majeed College of Pharmacy, Karunagappally	MBBS	Director & Lecturer
12.	Sr. Betty Carla St.Joseph College of Pharmacy, Vadakkencherry, Palakkad	M.Pharm, Ph.D	Principal
13.	Dr. P. Velayudha Panicker Amritha College of Pharmacy, Ernakulam	M.Pharm	Principal
14.	Sri. Abdul Salam Mallik Diner College of Pharmacy Kasargod	M.Pharm	Principal (Left the position)
15.	Dr. Navas National College of Pharmacy, Kozhikode		(Left the position)

LIBRARY ARCHIVES Kerala Legislative Assembly